പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3548 | 18.02.2013 ൽ മറുപടിയ്ക്ക് |

അംഗനവാടികൾക്ക് കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സാമൂഹ്യക്ഷേമവകുപ്പ് അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കാറുണ്ടോ; ഇതിനുള്ള മാനദണ്ഡം എന്താണ്; | (എ) അംഗൻവാടികൾക്ക് കെട്ടിടം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കി നൽകുന്ന ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എന്നാൽ സാമൂഹ്യനീതി വകുപ്പ് അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി സംസ്ഥാനത്ത് ഒട്ടാകെ എസ്.സി/എസ്.ടി മേഖലകളിൽ 35 അംഗൻവാടികൾക്ക്, അംഗൻവാടി ഒന്നിന് 3.5 ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ സ്വന്തമായി സ്ഥലം കൈവശമുള്ള അംഗൻവാടികളിൽ 700 എണ്ണത്തിന് NABARD-RIDF പദ്ധതിയിൽപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികളെടുത്തു വരുന്നു.<br>കൂടാതെ സ്വന്തമായി 10 സെന്റ് സ്ഥലവും എംഎൽഎ യുടെ ഫണ്ടും ലഭ്യമാക്കുന്ന മുറയ്ക്ക് ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ നിലവിലുള്ള അംഗൻവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. |
| (ബി) മാവേലിക്കര മണ്ഡലത്തിൽ എത്ര അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എം.എൽ.എ. ശുപാർശ ചെയ്തിട്ടുണ്ട്; ഏതൊക്കെ; ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദമാക്കാമോ; | (ബി) &(സി)<br>വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗനവാടികൾ ആരംഭിക്കുന്നതിലേയ്ക്കായി എം.എൽ.എ. കത്ത് നൽകിയിട്ടുണ്ടോ; ഇതിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; മോഡൽ അംഗനവാടി ആരംഭിക്കുന്നതിലേയ്ക്കായി അടിയന്തിര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ